ഇത്തിൾ

(കോവിഡ്-19 നൽകുന്ന ഭീതി)

ഓർക്കിഡ് പുഷ്പങ്ങളുടെ മനോഹാരിതയിൽ അവൾ മയങ്ങി വീഴുകയായിരുന്നു.

ഉൾക്കാടുകളിൽ, വൃക്ഷ വിടവുകളിൽ നിന്ന് മണിമന്ദിരങ്ങളിലേക്ക് അവർ അതിഥികളായെത്തിയത് മൃദു മനുഷ്യ ഹൃദയങ്ങൾ ഉള്ളതു കൊണ്ടാണ്. ചെത്തിയും ചെമ്പരത്തിയും കോളാമ്പിച്ചെടികളും വേലിപ്പടർപ്പുകളിൽ പടർത്തി, ഒതുക്കി നിർത്തിയിട്ട് മറ്റ് ഭൂവിഭാഗങ്ങളിലെല്ലാം ആഹരിക്കാനുള്ള ചെടികളാണ് മനുഷ്യർ വളർത്തിയിരുന്നത്, പണ്ട്. അവകളെ വേലിക്ക് പുറത്തേക്ക് തള്ളിവിട്ട് മതിലുകൾ തീർത്ത്, മുറ്റത്തെ പച്ചപ്പിനെ ഇല്ലായ്മ ചെയ്ത്, കോൺക്രീറ്റ് ഫലകങ്ങൾ വിരിച്ച്, വരണ്ട്, ശുദ്ധ വായു കിട്ടുന്നില്ലെന്ന് ദുഃഖിച്ചിരുന്ന ഒരു കാലമുണ്ടായി, പിന്നീട്. ആ വൈതരണി പിടിച്ച സമയത്താണ് പ്രകൃതി സ്നേഹികൾ 'പച്ചപ്പിനെ സ്നേഹിക്ക്, പ്രകൃതിയെ അറിയൂ', എന്ന് വിളിച്ച് കൂവി മനുഷ്യനെ മാറ്റിയെടുക്കാൻ ശ്രമം തുടങ്ങിയത്. ആ മാർഗ്ഗത്തിലൂടെയാണ്, ഉൾക്കാടുകളിൽ നിന്ന് ഓർക്കിഡും, ആന്തൂറിയവും അതിഥികളായെത്തിയത്. അതും രാജകീയ പ്രൗഡിയോടെ, രാജാവും റാണിയുമൊക്കെയായിട്ട്.

എത്രയോ ശോഭകളിൽ, നിർവ്വചിക്കാനേ കഴിയാത്ത അത്ര നിറക്കൂട്ടുകളിൽ....

സപ്തവർണ്ണങ്ങളെന്നതിനെ പരാജയപ്പെടുത്തിക്കൊണ്ട്, മിശ്രിത ചായങ്ങളിൽ, മർത്ത്യ നയനങ്ങളും, നാസികയും, അധരങ്ങളും, നാവും, കർണ്ണവും, സ്തനമുകുളങ്ങളും പൊക്കിൾച്ചുഴിയും എന്നെക്കെ സങ്കല്പിക്കുകയോ, മായാക്കാഴ്ചകളായി അനുഭവിക്കുകയോ ചെയ്യാവുന്ന രൂപങ്ങളിൽ, ഭാവങ്ങളിൽ.....

അവൾ പുലർന്നെഴുന്നേറ്റാലുടൻ ഓടിയെത്തും അവരുടെ ചാരത്തേക്ക്. തൊട്ടു തലോടി, ഇല്ലാത്ത ഗന്ധം കഴിഞ്ഞ രാത്രി വന്നിട്ടുണ്ടോയെന്ന് നോക്കി, ചുംബിച്ച് എത്രനേരം നിൽക്കുമെന്ന് കണക്ക് വയ്ക്കാതെ, മതി വരുവോളം നിന്നിട്ടേ പ്രഭാത കർമ്മങ്ങളിലേക്ക് പോലും പോകാറുള്ളൂ.

ഏകാന്തതയുടെ ദുഃഖം അവൾ മറക്കുന്നതങ്ങിനെയാണ്. തളർന്ന് ശയ്യാവലംബിയായ ഭർത്തൃപിതാവ്, അദ്ദേഹത്തെ മാത്രം പരിപാലിക്കാനെന്ന പോലെ ജീവിക്കുന്ന ഭർത്തൃമാതാവ്, നിരന്തരം ജീവനദ്രവ്യം സംഭരിക്കാൻ യാത്ര ചെയ്യുന്ന ഭർത്താവ്, ഇനിയും പൂക്കുകയും കായ്ക്കുകയും ചെയ്യാത്ത അവളുടെ ജീവിതവും.....

അവൾ, കാൽ മുട്ടിൽ ഒരു കുഞ്ഞുകുരു മുളപൊട്ടിയത് രസത്തോടെ നോക്കിയിരുന്നു, മുറ്റത്തെ ചെടികളുടെ അരികിൽ തന്നെ. നല്ല വെളിച്ചം കുഞ്ഞുകുരുവിന്റെ മനോഹാരിതയെ കൂട്ടിയിരിക്കുന്നെന്ന് ചിന്തിച്ചു. ഇന്നലെ അത് അവിടെ ഉണ്ടായിരുന്നോ, ശ്രദ്ധിച്ചില്ല. ഒരു ചെറിയ നോവ് തോന്നിയതു കൊണ്ടാണ് നോക്കിയതു തന്നെ. ഏത് ഓർക്കിഡ് പുഷ്പത്തിന്റെ മുകുളമാണ് അതെന്ന് അവളൊന്ന് സങ്കൽപ്പിച്ചു നോക്കി. വളർച്ച പൂർത്തിയായാൽ നല്ല ചുവന്ന നിറം വരാവുന്ന പൂവ്വ്. പേരുകളൊന്നും ഇപ്പോൾ ഓർമ്മിക്കുന്നില്ല. ഏതെങ്കിലുമായിക്കൊള്ളട്ടെയെന്ന് ചിന്തിച്ച് കർത്തവ്യങ്ങളിലേക്ക് പോകാനെഴുന്നേറ്റപ്പോൾ

ഒരു ഓർക്കിഡ് സസ്യകൈകൾ ആ കുരുവിൽ ഒന്നു തൊട്ടു, ചെറുതായൊന്ന് വേദനിച്ചു. അവൾ അതിനെ നോക്കി എന്തെന്ന് ചോദിച്ചു.

സസ്യം പറഞ്ഞു.

അതും ഇത്തിളാണ്.

ങേ.....

നിന്റെ ദേഹത്ത് മുളച്ചൊരു ഇത്തിൾ.

അവൾ വല്ലാതെ അമ്പരന്നു.

ഇത്തിളെന്നോ.... അനധികൃതമായ കൈയ്യേറ്റത്തോടെ വൃക്ഷങ്ങളിൽ പരാന്നം ഭുജിച്ച് ജീവിക്കുന്ന സസ്യ ജാലമല്ലെ ഇത്തിൾ....

അതെ....ഞങ്ങളെപ്പോലെ തന്നെ.....

ങാഹാ....കൊള്ളാമല്ലോ, കേൾക്കട്ടെ.....

അതെ, അതുപോലെ നിന്റെ അനുവാദമില്ലാതെ മിനുസ്സമാർന്ന, മാർദ്ദവമാർന്ന കാൽ മുട്ടിൽ ചേക്കേറിയതാണ് അവനും.... ഈ കുഞ്ഞണു.....

ങാ... എന്നിട്ട് പറയൂ....

വളർന്ന്, പടർന്ന്, ദേഹത്തെക്ഷയിപ്പിച്ച് യവനികയ്ക്കു പിന്നിലേക്ക് കഥാപാത്രങ്ങളെ നീക്കി നിർത്താൻ സഹായിക്കുന്നവരാണ് ഇത്തിൾ.....ഈ കുഞ്ഞണുവും...

അവൾ വായ തുറന്ന് കൂടുതൽ ശ്വാസം ഉള്ളിലേക്ക് എടുത്തു, പ്രഭാത കിരണങ്ങൾ അവളുടെ നയനങ്ങളെ അടയ്ക്കാൻ പ്രേരിപ്പിച്ചു, നാസികത്തുമ്പത്ത്, കഴുത്തിലെ മടക്കുകളിൽ സ്വേദകണങ്ങളെ ജനിപ്പിച്ചു.

ഞങ്ങൾ, ഇത്തിൾ പ്രകൃതിയുടെ നിയമ പാലകരാണ്, അധികമായി വളർന്ന് പ്രകൃതിക്കു തന്നെ ഭാരമാകുന്ന, ക്ഷതമുണ്ടാക്കുന്ന, പ്രകൃതിയുടെ നാദത്തെ, താളത്തെ ലയത്തെ തകർക്കുന്ന അപ്രകൃതി അവസ്ഥയെ തുടച്ച് നീക്കി സന്തുലിതാവസ്ഥ നില നിർത്തുന്ന ഘടകങ്ങളാണ്.....

ഞങ്ങൾ സസ്യ ജാലങ്ങളിൽ മാത്രമല്ല ജീവികളിലുമുണ്ട്, ജിവികളിലെ ഇത്തിളുകളാണ് കുഞ്ഞണുക്കൾ, നിന്റെ മുട്ടിൽ വന്നിരിക്കുന്നതു പോലുള്ളത്.

ഞങ്ങൾ ചിലപ്പോൾ മഹാമാരിയായി വന്ന് ഒരിടത്തെ സസ്യജാലങ്ങളെ, ഒരു ജീവി വർഗ്ഗത്തെ മുഴുവൻ മായ്ച്ചു കളഞ്ഞെന്നുമിരിക്കാം.....

അവൾ ഞെട്ടി വിറച്ച് ഓർക്കിഡ് പുഷ്പത്തിനെ നോക്കി തറയിൽ പടിഞ്ഞിരുന്നു. ഒന്നു പുഞ്ചിരിച്ചിട്ട് ഓർക്കിഡ് സസ്യം തൃപ്തിയോടെ, വിനയാന്വിതയായി കണ്ണടച്ച് നിന്നു.

അവൾ മുട്ടിലെ കുഞ്ഞണുവിനെ നോക്കി. അത് വികസിച്ചു വരുന്നു. കുന്നിക്കുരുവിന്റെ വലിപ്പത്തിൽ, പിന്നീട് ആപ്പിളിന്റെ ആകൃതിയിൽ, പിന്നീട് അവളേക്കാൾ വലിയ പ്രകൃതിയിൽ വളർന്ന്, പഴമായി, പൊട്ടിച്ചിതറി അവിടെമാകെ നിറഞ്ഞു.

@